നിൻെറ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ
നിന്നെക്കുറിച്ചു തൻെറ ദൂതൻമാരോടു കല്പിക്കും



# തിരുവചന ദൂതശാസ്ത്ര, ഭൂതശാസ്ത്ര പഠനം



പിശാചിനോടെതിർത്തു നില്പിൻ എന്നാൽ
അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും



കർത്താവു തൻ ഗംബീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും
ദൈവത്തിന്റെ കാഹളത്തോടും കൂടി സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരി
കയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയർത്തെഴുനേൽക്കുകയും
പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവനോട് ഒരുമിച്ച് ആകാശത്തി
ൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും, ഇങ്ങനെ
നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും

# ഉള്ളടക്കം

## ഭാഗം - 1

**I. a.** പഠനോദ്ദേശ്യം

**b.** വേദശാസ്ത്ര പഠനത്തിലെ പ്രധാനമായ **10** ശാഖകൾ

**ii.** ദൂതൻമാരുടെ ആരംഭം (സൃഷ്ടി):

**iii.** എപ്പോൾ സൃഷ്ടിക്കപ്പെട്ടു:

**iv.** ദൂതൻമാരുടെ സ്വഭാവം (**nature**):

**V.** ദൂതൻമാരുടെ ഇടയിലെ വിഭാഗങ്ങൾ :

**A. വിശുദ്ധദൂതൻമാർ**
**B. വീണ ദൂതൻമാർ**

**A.** വിശുദ്ധ ദൂതൻമാരുടെ ഇടയിലെ വിഭാഗങ്ങൾ :

- സാധാരണ ദൂതൻമാർ
- കെരൂബുകൾ
- സാറാഫുകൾ
- പ്രധാനദൂതൻമാർ

**VI**. വിശുദ്ധ ദൂതൻമാരുടെ ജോലികൾ**:-**

**VII.** ദൂതൻമാരുടെ ഭാവികാല ശിശ്രൂഷ**:-**

Pr. Saji Zachariah BA, BD
*Pandalam*

## ഭാഗം - 2

## (B) വീണ ദൂതൻമാർ:-

**VIII.** സാത്താൻെറ ആദിമഹിമ

**IX.** ദൂതൻെറ വീഴ്ച

**X.** വീഴ്ചക്കുള്ള കാരണങ്ങൾ:-

**XI.** വീഴ്ചയുടെ അനന്തര ഫലങ്ങൾ:-

**XII.** പാപം ചെയ്ത ദൂതൻമാരുടെ ഇടയിലെ വിഭാഗങ്ങൾ:-

(a) സാത്താൻ
(b) സ്വതന്ത്ര ദൂതൻ
(c) ബന്ധിതരായ ദൂതൻമാർ
(d) ദുരാത്മാക്കൾ അഥവാ ഭൂതങ്ങൾ

**XIII.** സാത്താൻെറ തന്ത്രങ്ങൾ

**XIV.** സാത്താൻെറ തന്ത്രങ്ങളോടുള്ള ദൈവമക്കളുടെ പ്രതികരണങ്ങൾ എന്തായിരിക്കേണം

**XV.** പാപം ചെയ്ത ദൂതൻമാരുടെ ഭാവി

**XVI.** അനുബന്ധം:-ദൈവപുത്രൻമാർ ദൂതൻമാരോ?

# Angelology (ദൂതശാസ്ത്രം) & Demonology (ഭൂതശാസ്ത്രം)

## (ഭാഗം - 1)

## a. പഠനോദ്ദേശ്യം.

ഈ വിഷയം പഴയനിയമത്തിൽ 108 പ്രാവശ്യവും പുതിയനിയമത്തിൽ 165 പ്രാവശ്യവും പഠനവിഷയമാക്കിയിട്ടുണ്ട്. ഈ കാലഘട്ടത്തിൽ സാത്താന്യ ആരാധന, മരിച്ചവരോട് സംസാരിക്കുക, ഭൂതബാധ, തുടങ്ങിയ പ്രതി ഭാസം ധാരാളം അരങ്ങേറിക്കൊണ്ടിരിക്കുമ്പോൾ സത്യമെന്തെന്ന് ഗ്രഹി ക്കേണ്ടിയത് ആവശ്യമാണ്. വിശുദ്ധ ദൂതൻമാരെക്കുറിച്ച് തിരുവചനത്തിൽ എന്താണ് രേഖപ്പെടുത്തിയിരക്കുന്നത്, അവരുടെ സൃഷ്ടിപ്പിൻെറ ഉദ്ദേശം എന്ത് ? അവരുടെ പ്രവർത്തിശൈലി എന്താണ്? മാത്രമല്ല, മനുഷ്യരോടുള്ള ദൈവീക പദ്ധതികളിൽ ഈ സേവകാത്മാക്കളുടെ ദൗത്യം എന്താണെന്നും ഒരു വിശ്വാസി മനസിലാക്കണം. വീണ ദൂതൻമാരുടെ പ്രവർത്തികൾ അഥവാ തന്ത്രങ്ങൾ എന്തൊക്കെയാണെന്ന് ഒരു വിശ്വാസി ഗ്രഹിക്കുകയും അതിനോടെപ്രകാരമാണ് തിരുവചനപ്രകാരം പ്രതികരി ക്കേണ്ടതെന്നും മനസ്സിലാക്കി ജയകാരമായ ഒരു ക്രിസ്തീയ ജീവിതം അപ്രകാരം നമുക്ക് പ്രാപിച്ചെടുക്കുവാനും സഹായിക്കും.

## b. വേദശാസ്ത്രത്തിലെ പ്രധാന വിവിധ ശാഖകൾ ചുവടെ ചേർക്കുന്നു:

- Bibliology --- വേദശാസ്ത്രം
- Theology (Proper) --- ദൈവശാസ്ത്രം
- Christiology ---- ക്രിസ്തുശാസ്ത്രം
- Pneumatology ---- പരിശുദ്ധാത്മ ശാസ്ത്രം
- Angeiology ---- ദൂതശാസ്ത്രം
- Anthropology ---- നരവംശ ശാസ്ത്രം
- Hamartiology ---- പാപ ശാസ്ത്രം
- Soteriology ---- രക്ഷാശാസ്ത്രം



Pr. Saji Zachariah BA, BD
*Pandalam*

- Ecclesiology ---- സഭാശാസ്ത്രം
- Eschatology ----- അന്ത്യകാല ശാസ്ത്രം

തിരുവചനത്തിലെ സത്യങ്ങളെ ചിട്ടയോട് പഠിപ്പിക്കുന്നതിനു സഹായമായിട്ടാണ് ഇപ്രകാരം വിവിധ ശാഖകളായി തിരിച്ചിരിക്കുന്നത്. ഇവയിൽ ആത്മ ജീവികൾ (Spirit beings)എന്ന കൂട്ടത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, ദൂതൻമാർ തുടങ്ങിയവ ഉൾപ്പെടുന്നു. ഇതിൽ ആത്മീയ ജീവികളായ ദൂതൻമാരെക്കുറിച്ചാണ് തുടർമാനമായ പുറങ്ങളിൽ പഠിക്കുവാൻ ശ്രമിക്കുന്നത്.

## ii. ദൂതൻമാരുടെ ആരംഭം (സൃഷ്ടി):

ഭൂതകാല നിത്യത മുതൽ നിലനിൽക്കുന്നവരല്ല ദൂതൻമാർ. അവർക്ക് ഗ്രീക്ക് ഭാഷയിൽ Angelos എയ്ഞ്ചലോസ് എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരു ആരംഭം ഉണ്ട്. അവർ ദൈവത്തിൻെറ സൃഷ്ടികളാണ്. (സങ്കീ 148:2,5) "അവൻെറ സകല ദൂതൻമാരുമായുള്ളോരേ, അവനെ സ്തുതിപ്പിൻ .... ... അവൻ കൽപിച്ചിട്ട് അവ സൃഷ്ട്ടിക്കപ്പെട്ടിരിക്കയാൽ അവ യഹോവയുടെ നാമത്തെ സ്തുതിക്കട്ടെ" (നെഹ 9:6, കൊലോ. 1:6 )

## iii. എപ്പോൾ സൃഷ്ടിക്കപ്പെട്ടു:

കൃത്യമായി എപ്പോൾ സൃഷ്ട്ടിക്കപ്പെട്ടു എന്നു തിരുവചനത്തിൽ കാണുന്നില്ല. എന്നാൽ ഭൂമിയും മനുഷ്യവർഗ്ഗവും സൃഷ്ട്ടിക്കപ്പെടുന്നതിനു മമ്പെ ദൂതൻമാരെ സൃഷ്ട്ടിച്ചതായി വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. (ഇയ്യോ. 38: 4-7) . പ്രഭാത നക്ഷത്രങ്ങളും ദൈവപുത്രൻ മാരെല്ലാവരും സന്തോഷിച്ചാർത്തപ്പോഴാണ് ഭൂമിക്കടിസ്താനമിട്ടതെന്നു നാം വായിക്കുന്നു.

## iv. ദൂതൻമാരുടെ സ്വഭാവം (nature):

### 1. ആത്മ ജീവികളാണ്. (Spirit beings):

(എബ്രാ 1:14) ൽ "അവർ (ദൂതൻമാർ) ഒക്കേയും രക്ഷപ്രാപിക്കാനുള്ളവരുടെ ശുശ്രൂഷക്ക് അയക്കപ്പെടുന്ന സേവാകാത്മാക്കളല്ലയോ" ? (Ministering spirits). എഫെ 6:12 ൽ "നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല" പിന്നയോ പാപം ചെയ്ത് വീണുപോയ

ആത്മജീവികളായ ദൂതൻമാരായ സാത്താന്യ വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്തകാരത്തിൻെറ ലോകാധിപധികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേനകളോടും എന്നു പൗലോസ് രേഖപ്പെടുത്തയിരിക്കുന്നു. വിശുദ്ധ ദൂതൻമാർക്കും വീണ ദൂതൻമാർക്കും ആത്മ ശരീരമുണ്ട്. ദൈവനിയേഗപ്രകാരം ദൂതൻമാർക്ക് മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടുവാൻ കഴിയും. ഉദാഹരണം, അബ്രഹാമിൻെറ കൂടാരത്തിൽ മൂന്നു ദൂതൻമാർ വന്നു ഭക്ഷണം കഴിച്ച് (ഉല്പ 18: 1) ലോത്തിൻെറ വീട്ടിൽ രണ്ടു ദൂതൻമാർ എത്തി (ഉല്പ 19: 1), ദൂതൻ ഗിദയോന്നു പ്രത്യക്ഷനായി (യൂദ 6:11-24), ഗബ്രിയേൽ ദൂതൻ മറിയക്ക് പ്രത്യക്ഷനായി (ലൂക്കോ 1:27-28), മഗ്ദലക്കാരത്തിമറിയ രണ്ടു വെള്ള വസ്ത്രം ധരിച്ച ദൂതൻമാരെ യേശുവിൻെറ കല്ലറക്കൽ കണ്ടു (യോഹ 20 : 12), ഏകദേശം 104 സന്ദർഭങ്ങളിൽ ദൂതൻമാർ മനുഷ്യർക്ക് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. (dakes P255).

## 2. അവർ മഹത്വീകരണം പ്രാപിച്ച മനുഷ്യരല്ല:

ചിലർ പഠിപ്പിക്കുന്നത് ഇവർ മഹത്വീകരിക്കപ്പെട്ട മനുഷ്യരാണെന്നാണ്. എന്നാൽ മത്താ 22 : 30 ൽ പറയുന്നത് പുനരുദ്ധാനത്തിൽ ദൈവമക്കൾ ദൂതൻമാരെപ്പോലെ ആകുമെന്നാണ് (1കോരി 6:3) ൽ മഹത്വീകരിക്കപ്പെട്ട വിശുദ്ധൻമാർ ദൂതൻമാരെ വിധിക്കേണ്ടതാണെന്നു പ്രസ്താവിച്ചിരിക്കുന്നു.

## 3. ദൂതൻമാർ നിത്യരല്ല:

ദൂതൻമാർ ദൈവത്തിൻെറ സൃഷ്ടി എന്ന നിലയിൽ ഒരു ആരംഭം ഉണ്ട്. എന്നാൽ ദൈവം നിത്യനാണ്. ദൂതൻമാർ നിത്യരല്ല, സൃഷ്ടിക്കപ്പെട്ട ശേഷം അസ്തിത്വമുള്ളവരാണ്. (സങ്കീ 148:5) (എബ്രാ 1:12, 13:8) വിശുദ്ധ ദൂതൻമാർക്ക് ഇനിയും നിത്യമായ നാശം ഇല്ലയെന്നും തിരുവചനം സാക്ഷിക്കുന്നു.

## 4. ദൂതൻമാർക്ക് വിവഹമോ സന്താനപുഷ്ടിയോ ഇല്ലാത്തവരാകുന്നു:

(മത്താ 22:28-30) (ലൂക്കോ 20:38) സദൂക്യർ യേശുവിനെ പരീക്ഷിക്കുവാൻ ചോദിച്ചതിൻെറ ഭാഗമായി ഏഴു ഭർത്താക്കൻമാർ മരിച്ച സ്ത്രീക്ക് പുനരുദ്ധാനത്തിൽ അവരിൽ ആരായിരിക്കും അവളുടെ ഭർത്താവെന്ന ചോദ്യത്തിന് ഉത്തരമായി യേശു ഇപ്രകാരമാണ് പറഞ്ഞത് പുനരുദ്ധാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല വിവാഹത്തിനു

കൊടുക്കപ്പെടുന്നില്ല എല്ലാവരും സ്വർഗ്ഗത്തിലെ ദൂതൻമാരെപ്പോലെ ആകും എന്നാണ്. അതിൻെറ അർത്ഥം ദൈവം തൻെറ സർവ്വ വിധ പ്രവർത്തിക്കായി എത്ര ദൂതൻമാരെ ആവശ്യമാണോ അത്രയും ദൂതൻമാരെ സൃഷ്ടിച്ചിട്ടുണ്ടെ എന്നാണ് അവർക്ക് മരണമില്ലായ്കയാൽ ജനനത്താൽ പുതിയ ദൂതൻമാർ ഉണ്ടാകേണ്ട ആവശ്യവുമില്ല. തിരുവചനത്തിൽ ദൂതപുത്രൻമാർ എന്ന പദം ഉപയോഗിച്ചിട്ടല്ല. ആപ്പോൾ തന്നെ ദൂതൻമാരെ ദൈവപുത്രൻമാരെന്നു ബഹുവചന രൂപത്തിൽ വിളിച്ചിട്ടുണ്ട്. (ഇയ്യോ 1:6, 38:7) (ദാനി 3:25) എന്നാൽ ഒരു ദൂതനേയും പുത്രൻ എന്ന ഏകവചന രൂപത്തിൽ സംബോധന ചെയ്തിട്ടല്ല. തിരുവചനത്തിൽ “പുത്രൻ” എന്നത് യേശുക്രിസ്തുവൻെറ വിശിഷ്ട നാമമാണ്.

## 5. വികാര വിചാരങ്ങൾ പ്രകടിപ്പിക്കുവാൻ കഴിവുള്ളവരാണിവർ:

ലൂക്കോസ് 15 ൻെറ 1 മുതൽ 10 വരെയുള്ള ഭാഗങ്ങൾ നോക്കുമ്പോൾ സുവിശേഷം കേട്ട് മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് ദൈവദൂതൻമാർ അറിയുമ്പോൾ അവരുടെ മദ്ധ്യേ വളരെ സന്തോഷ പ്രകടനങ്ങൾ ഉണ്ടാകുന്നതായിക്കാണാം(15 ൻെറ 10) ദൈവം തൻെറ മാർമീക സഭയിലൂടെ (Mystical body of Christ) ചെയ്തുകൊണ്ടിരിക്കുന്ന രക്ഷണ്യ പവൃത്തിയെക്കാണുവാൻ ദൈവദൂതൻമാർ കുനിഞ്ഞ് നോക്കി കൊണ്ടിരിക്കുകയാണ്. (1 പത്രോ 1:11-12, 1കോരി. 4:9, എഫെ. 3:10) വചനം നമ്മേ അനുസ്മരിപ്പിക്കുന്നു.

## 6. ദൂതൻമാർ സർവ്വജ്ഞ്ഞാനികൾ അല്ലെങ്കിലും മനുഷ്യരെക്കാൾ ജ്ഞാനമുള്ളവരാണ്:

ദൈവദൂതൻമാർ ദൈവസൃഷ്ടികൾ എന്ന നിലക്ക് സൃഷ്ടാവിനെക്കാൾ എല്ലാറ്റിലും താണ നിലയിലായിരിക്കുമെന്നത് നിസ്തർക്കാമായ യാഥാർഥ്യമാണ്. (2 ശമു 14:20) ൽ ദാവീദിൻെറ ജ്ഞാന ശ്രേഷ്ടതയെ ഒരു ദൈവദൂതൻെറ ജ്ഞാനത്തേപ്പോലെ അത്രമാത്രം വലിയതായി രേഖപ്പെടുത്തിയിരിക്കുന്നു “എന്നാൽ ഭൂമിയിലുള്ളതൊക്കേയും അറിവാൻ ഒരു ദൈവദൂതൻെറ ജ്ഞാനത്തിനൊത്തവണ്ണം എൻെറ യജമാനൻ ജ്ഞാനമുള്ളവനാകുന്നു”. അതുപോലെ (എബ്രാ 2:7 ലും സക്കീ 8:5 ) ൽ English translation ലും മനുഷ്യനെ ദൂതൻമാരേളാൾ അല്പം താഴ്തിയാണ് സൃഷ്ടിച്ചിരിക്കുന്നതെന്നു കാണാം. ദൂതർമാർ മനുഷ്യരെക്കാൾ ജ്ഞാനികൾ എകിലും ദൈവത്തെപ്പോലെ സർവ്വ ജ്ഞാനികൾ അല്ല. (മർക്കോ 13:32)

## 7. ദൂതൻമാർദൈവത്തെപ്പോലെ സർവശക്തരല്ലെങ്കിലും മനുഷ്യരെക്കാൾ ശക്തരാണ്

ദൂതർമാരുടെ കൂട്ടത്തിൽ ശക്തിയേറിയവയും ബലമേറിയവയും ഉണ്ടെന്നു (2 പത്രോ 2:11) ൽ കാണുന്നു. കർത്താവായ യേശു തൻെറ ശക്തിയുള്ള ദൂതൻമാരുമായി വരുമെന്നു (2 തെസ്സ 1:6) ൽ രേഖപ്പെടുത്തിയിരിക്കുന്നു. (വെളി 18:1) ൽ വലിയ അധികാരമുള്ള ഒരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങുന്നതായി യോഹന്നാൻ തൻെറ ദർശനത്തിൽ കാണുന്നു. ശക്തിയിൽ മാത്രമല്ല വേഗതയിലും മനുഷ്യരെക്കാൾ ശക്തരാണ്. (വെളി 8:13, 9:1, മത്താ 26:53) (2 രാജാ 19:35) ഭാഗങ്ങളിൽ അശ്ശൂർ രാജാവ് യിസ്രായേലിനെ ആക്രമിച്ച് പിടിച്ചെടുക്കുവാൻ അടുത്തുവന്നു. ആ രാത്രിയിൽ യഹോവയുടെ ഒരു ദൂതൻ പുറപ്പെട്ട് അശ്ശൂർ പാളയത്തിൽ 1,85000 പേരെ നിഗ്രഹിക്കുവാൻ ഇടയായി.( പുറ 12:29) ൽ ഒരു സംഹാരദൂതൻ മിസ്രയീമഇലെത്തി സിംഹാസനത്തിലിരുന്ന ഫറവോൻെറ ആദ്യജാതൻ മുതൽ കുണ്ടറയിൽ കിടന്ന തടവുകാരൻെറ ആദ്യജാതൻമാരേയും മൃഗങ്ങളുടെ കടിഞ്ഞൂലുകളേയും എല്ലാം സംഹരിച്ചതായി വായിക്കുന്നു. (മത്താ 28 :1,2. മർക്കോ 16: 1,2) ൽ ശബത്തു കഴിഞ്ഞശേഷം ആഴ്ചവട്ടത്തിൻെറ ഒന്നാം ദിവസം അതിരാവിലെ മഗ്ദലക്കാരത്തി മറിയയും യാക്കോബിൻെറ അമ്മ മറിയയും ശലോമയും കൂടി യേശുവിൻെറ ശരീരത്തിൽ പൂശേണ്ടതിന്നു സുഗന്ത വർഗ്ഗമായി വന്നപ്പോൾ, ആർ നമുക്കുവേണ്ടി ഏറ്റവും വലിപ്പമുള്ള ഈ കല്ല് ഉരുട്ടിമാറ്റുമെന്നു സംശയഭാരത്തോട് ആയിരിക്കുമ്പോൾ യഹോവയുടെ ദൂതൻ ആ വലിയ കല്ല് ഉരുട്ടിമാറ്റി അതിൽ ഇരിക്കുന്നതായി കണ്ടു ആശ്ചര്യപ്പെട്ടു എന്നു വായിക്കുന്നു. ഇവർ ഇത്യാദി പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടെങ്കിലും ഇവർ ദൈവത്തെപ്പോലെ സർവശക്തരല്ല.

## 8. ദൂതൻമാർ ഒരു വർഗ്ഗമല്ല (race) സംഘമാണ്

(എബ്രാ12:22—24.) ൽ "പിന്നയോ സീയോൻ പർവ്വതത്തിന്നും -------------- അനേകായിരം ദൂതൻമാരുടെ സർവ്വ സംഘത്തിന്നും അടുക്കലത്രേ വന്നിരിക്കുന്നത്" "------------ and an innumerable company of angels-------" ദൂതൻമാർ ഒരു സംഘമാണ്. മിലിട്ടറിയിലെ പ്പോലെ ഓരോ സംഘങ്ങളാണ് ഇവർ. ഇവർ ഒരു വർഗ്ഗമല്ലാത്തതിനാൽ വംശവർദ്ധനവോ, ജനനമോ, മരണമോ ഇല്ല. തിരുവചനത്തിൽ ദൈവപുത്രൻമാർ എന്നു ദൂതൻമാരെ വിളിച്ചിട്ടുണ്ടെങ്കിലും ദൂത പുത്രൻമാൽ എന്നു വിളിച്ചിട്ടില്ല.



Pr. Saji Zachariah BA, BD
*Pandalam*

# V. ദൂതൻമാരുടെ ഇടയിലെ വിഭാഗങ്ങൾ രണ്ടായിതിരിക്കാം;

## A. വിശുദ്ധദൂതൻമാർ
## B. വീണ ദൂതൻമാർ

## (A) വിശുദ്ധദൂതൻമാർ:

വിശുദ്ധദൂതഗണത്തെ അവരുടെ പദവികൾ, ജോലികൾ എന്നിവയെ മുൻ നിറുത്തിക്കൊണ്ട് നാലായി വിഭജിച്ചുകൊണ്ട് പഠിക്കാം.

- സാധാരണ ദൂതൻമാർ
- കെരൂബുകൾ
- സാറാഫുകൾ
- പ്രധാനദൂതൻമാർ

### 1. സാധാരണ ദൂതൻമാർ:

Angelo's എന്ന ഗ്രീക്ക് വാക്കിന് ദൂതൻ, സന്ദേശവാഹകൻ എന്നൊക്ക് അർഥമുണ്ട് . ഈ പദം മനുഷ്യർക്കും അപ്പോൾ തന്നെ ആത്മജീവികൾക്കും സമ്പോധന ചെയ്യുവാൻ ഉപയോഗിച്ചിട്ടുണ്ട്. യോഹന്നാൻ സ്നാപകനെ യേശുവിന്നു മുമ്പായി അയക്കപ്പെട്ട വ്യക്തി എന്ന നിലയിൽ ദൂതൻ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. (ലൂക്കോ 7:27-28, മലാഖി 3:1) സ്നാപക യോഹന്നാൻ യേശു സാക്ഷാൽ മശിഹായാണോ എന്നന്വേഷിച്ചറിയാൽ തൻെറ ശിഷ്യഗണങ്ങളിൽ രണ്ടു പേരെ ദൂതൻമാരായി അയച്ചു എന്നു വായിക്കുന്നു. (ലൂക്കോ 7:24) അതുപോലെ (വെളി 1,2) അദ്ധ്യായങ്ങളിൽ പ്രതിപാധിക്കുന്ന ഏഴു സഭയുടെ ദൂതൻമാർ എന്നത്ത് ആ സഭയുടെ ശ്രുശൂഷകൻമാർ തന്നെയാണ്. ഇപ്രകാരമുള്ള ചില സാഹചര്യങ്ങൾ ഒഴികെ ബാക്കി എല്ലാഭാഗത്തും ആത്മജീവികളായ സ്വർഗ്ഗീയ ദൂതൻമാരെക്കുറിച്ചാണ് ഈ പദം ഉപയോഗിക്കുന്നത്.

സാധാരണദൂതൻമാർ സംഖ്യാതീതമാണ് യഥാർത്ഥമായി ദൈവദുതൻമാരുടെ എണ്ണം എത്രയെന്നു പറയാൽ സാദ്ധ്യമല്ല. (സങ്കീ 68:17) ൽ "ദൈവത്തിൻെറ രഥങ്ങൾ ആയിരമായിരവും കോടി കോടിയുമാകുന്നു" . (ദാനി 7:10) "ആയിരമായിരം പേർ അവനെ ശ്രുശൂഷ ചെയ്തു, പതി

നായിരം പതിനായിരം പേർ അവൻെറ മുമ്പാകെ നിന്നു”. (വെളി 5:11) ൽ പിന്നെ ഞാൻ സിംഹാസനത്തിൻെറയും ----------------- ചുറ്റിലും ഏറിയ ദൂതൻമാരുടെ ശബ്ദം കേട്ടു അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരമായിരവും ആയിരുന്നു. വായിക്കുക (2 രാജാ. 6:17, എബ്രാ 12:12) യേശുവിനെ പിടിച്ചുകൊണ്ടുപോകാൻ വന്ന സമയത്ത് ശിഷ്യൻമാരുടെ മനോഭാവം കണ്ടപ്പോൾ യേശു പറഞ്ഞത് എന്നെ സഹായിപ്പാൻ വേണമെങ്കിൽ പന്ത്രണ്ടു ലെഗ്യോനിലും അധികം ദൂതൻമാരെ ഇപ്പോൾ തന്നെ അയച്ചു തരുവാൻ ദൈവത്തിന്നു കഴിയുമെന്നാണ്. ഒരു ലെഗ്യോൻ എന്നത് റോമൻ പട്ടാളത്തിലെ ആറായിരം പേരെയാണ് കുറിക്കുന്നത്. അപ്രകാരമെങ്കിൽ പന്ത്രണ്ടു ലെഗ്യോൻ എന്നത് എഴുപത്തിരണ്ടായിരം ദൂതൻമാരെ കുറിക്കുന്നു.

## 2. <u>കെരൂബുകൾ:-</u>

ഈ പേരിൻെറ അർത്ഥം കാക്കുക, മറയ്ക്കുക എന്നാണ്. കെരൂബുകളെക്കുറിച്ച് നാം ആദ്യമായി കാണുന്നത് ഉൽപ്പത്തി 2 ൻെറ 24 ൽ ആണ് പാപത്തിൻെറ ഫലമായി ഏതൻതോട്ടത്തിൽ ആയിരുന്ന മനുഷ്യൻ കൈ നീട്ടി ജീവവൃക്ഷത്തിൻെറ ഫലം കൂടെ പറിച്ച് തിന്ന് എന്നേക്കും പാപികളായി ജീവിപ്പാൻ സംഗതി വരരുതെ എന്നു ദൈവം ആഗ്രഹിച്ചിട്ടെ അവരെ പുറത്താക്കി ഏദൻതോട്ടത്തെ കാപ്പാൻ കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിൻെറ ജ്വാലയുമായി നിർത്തി (2 ശമു 22:11, സങ്കീ 18:10) ൽ യഹോവയായ ദൈവം കെരൂബിനെ വാഹനമാക്കി യത്ര ചെയ്തു എന്നു മനസിലാക്കാം. അപ്പോൾ തന്നെ യഹോവയായ ദൈവം കെരൂബുകളുടെ നടുവിൽ വസിക്കുന്നതായും (1 ശമു 4:4) അവൻ കെരൂബുകളുടെ മീതെ വസിക്കുന്നതായും (മത്താ 6:2, 2 രാജാ 19:15) വായിക്കുന്നു. ലൂസിഫേർ വീഴ്ചക്ക് മുമ്പെ ചിറക് വിടർത്തി മറക്കുന്ന കെരൂബെന്ന ശ്രേഷ്ട പദവിയുള്ള കൂട്ടത്തിൽപ്പെട്ടതായിരുന്നു. (യെഹ 28:14). ശലോമോൻെറ ദേവാലയത്തിലും സമാഗമനകൂടാരത്തിലും പെട്ടകത്തിന്നു മീതെ കൃപാസനത്തിന്നു ഇരുവശങ്ങളിലുമായി രണ്ടു കെരൂബുകളെ സ്ഥാപിച്ചിരുന്നതായി (പുറ 25:17-21, 2 കോരി. 3:10-11) കാണാം. ഇവയുടെ രൂപം വ്യത്യസ്തമായ നിലയിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെരൂബുകളുടെ സാന്നിദ്ധ്യം ദൈവസാന്നിദ്ധ്യത്തെ വിളിച്ചറിയിക്കുന്നതായി പൊതുവെ മനസിലാക്കാം.



Pr. Saji Zachariah BA, BD
*Pandalam*

**3. സാറാഫുകൾ:-** യെശയ്യാവ് 6:1-6 വരെയുള്ള ഭാഗങ്ങളിൽ മാത്രമേ സാറാഫുകളെക്കുറിച്ച് അറിയപ്പെടുന്നുള്ളു. അതും യെശയ്യാവിന് ആഴമായ സ്വർഗ്ഗീയ ദർശനം പ്രാപിച്ച ഏകവേളയിൽ മാത്രമേ കാണുവാനും കഴിഞ്ഞിട്ടുള്ളൂ. ഇവർ കെരൂബുകളെപ്പോലെ ദൈവത്തിന്റെ സിംഹാസനത്തിന്റെ അടിയിലും ഇരുവശത്തുമാത്രമല്ല ശിശ്രൂഷയിൽ നിൽക്കുന്നത്, ദൈവസിംഹാസനത്തിന്റെ ചുറ്റും നിന്നുകൊണ്ട് ദൈവത്തെ ആരാധിക്കുകയാണ്. ഇവർക്ക് ഓരോരുത്തന് ആറാറു ചിറകുണ്ട്. അതിൽ രണ്ടുകൊണ്ട് മുഖംമൂടി ഭയഭക്തിയോടും, രണ്ടുകൊണ്ട് കാൽമൂടി വിനയത്തോടും, രണ്ടുകൊണ്ട് പറന്നുകൊണ്ട് ബഹുമാനത്തോടും ഒരുത്തനോട് ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന് ആർത്തുകൊണ്ട് ത്രിയേക ദൈവത്തെ സദാ ആരാധിക്കുന്ന രംഗം യെശയ്യാവിൽ വിശുദ്ധിയിൽ ദൈവത്തെ ആരാധിക്കേണ്ടതിനുള്ള താൽപര്യം വളർത്തി. തത്ക്ഷണം തന്റെ തെറ്റുകളെ ഗ്രഹിപ്പാനും വിശുദ്ധവും ദൈവത്തിന് പ്രസാദകരമായുള്ള ആരാധനക്കായ് പ്രവാചകൻ തയ്യാറായി. സാറാഫുകളെ നീതിനിർവഹണം, ശക്തിപ്രകടനം എന്നിവയോട് ബന്ധപ്പെട്ടല്ല കാണുന്നത്, ആരാധനക്ക് നേത്രൃത്വം കൊടുക്കുന്ന ദൂതസംഘമായിട്ട് ഇവരെ മനസ്സിലാക്കാൻ കഴിയും.

**4. പ്രധാനദൂതൻമാർ: -** ദൂതൻമാരിൽ പ്രധാനികളായ ഇവരുടെ ദൗത്യങ്ങളും പ്രധാനപ്പെട്ടതാണ്. സത്യ വേദപുസ്തകത്തിൽ പ്രധാനദൂതനെന്ന പേരിനാൽ അറിയപ്പെടുന്ന ഏക ദൂതനാണ് മീഖായേൽ (യൂദാ : 9) ഇദ്ദേഹത്തെ മഹാപ്രഭു എന്നും (ദാനി 12:1) പ്രധാന പ്രഭുക്കൻമാരിൽ ഒരുവനെന്നും (ദാനി 10: 13) വിളിച്ചിരിക്കുന്നു. വെളി 12 : 7 ൽ പ്രധാനദൂതനായ മീഖായേലിന് തന്റെ കീഴിൽ കുറെ ദൂതൻമാരുണ്ടെന്ന് കാണുന്നു. അപ്പോൾതന്നെ ഒന്നിലധികം പ്രധാനദൂതൻമാർ ദൂതസമൂഹത്തിൽ ഉണ്ടെന്ന് ദാനി 10:13 ൽ വ്യക്തമാകുന്നുണ്ട്. ആപ്പോക്രിഫാ ഗ്രന്ഥങ്ങളിൽ 7 പ്രധാന ദൂതൻമാർ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് (ഹാനോക്ക് 20: 1-7) തിരുവചനത്തിൽ സാറാഫുകളെ ആരാധന വിഷയത്തോടുള്ള ബന്ധത്തിൽ കാണപ്പെടുമ്പോൾ പ്രധാന ദൂതനായ മീഖായേലിനെ ദൈവത്തിനുവേണ്ടി യുദ്ധം നടത്തേണ്ടിവരുന്ന അവസരത്തിൽ അതിനായി നിയോഗിച്ചയക്കുന്നതായി കാണാം. ദാനിയേലിന്റെ പ്രാർത്ഥന മറുപടിയെ തടഞ്ഞ പാർസിദേശത്തിലെ പ്രഭുവിനെ നീക്കുവാനായി മീഖായേലിനെ ദൈവം നിയോഗിച്ചു (ദാനി 10: 13) മോശയുടെ



Pr. Saji Zachariah BA, BD
*Pandalam*

ശരീരത്തെക്കുറിച്ചു വാദിച്ച പിശാചിനെ മീഖായേലാണ് ദൈവനി യോഗത്താൽ ശാസിച്ച് കളഞ്ഞത് (യൂദ 9).

സത്യ വേദപുസ്തകത്തിൽ പേരെടുത്തു പറഞ്ഞിരിക്കുന്ന മറ്റൊരു ദൂതനാണ് ഗബ്രിയേൽ. ഇദ്ദേഹവും ഒരുപക്ഷേ പ്രധാനദൂതന്മാരിൽ ഒരുവനാകുവാനുള്ള സാധ്യതയുണ്ട്. കാരണം പല പ്രധാന ദൗത്യനി ർവഹണത്തിന് ദൈവം ഗബ്രിയേൽ ദൂതനെ നിയോഗിച്ചതായി വായി ക്കുന്നു. ഈ ദൂതൻ ദാനിയേൽ കണ്ട ദർശനം വ്യാഖ്യാനി ച്ചുകൊടുക്കുന്നതായും (ദാനി 8: 15-16), ദാനി 9: 21-22 വാക്യങ്ങളിൽ ദൈവീക ജ്ഞാനം പകർന്നുകൊടുക്കേണ്ടുന്നതിനായിവന്ന സംഭവം ദർശി ക്കാം. ഗബ്രിയേൽ ദൂതൻ യോഹന്നാൻ സ്നാപകൻെറയും, യേശുകർത്താവിൻെറ ജനനത്തെക്കുറിച്ചും ദൂത് ആദ്യമായി അറിയി ക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു (ലൂക്കോസ് 1: 19-26) നി ശ്ചയമായും വാർത്താവിനിമയ വിഭാഗത്തിൻെറ ചുമതല ഈ പ്രധാനദൂതനായിരിക്കും എന്നുഗ്രഹിക്കാം.

**VI. <u>ദൂതൻമാരുടെ ജോലികൾ:-</u>** ദൂതൻമാർ ദൈവസൃഷ്ടി കൾ എന്ന നിലയിൽ ദൈവത്തിന് ഇവരെക്കുറിച്ച് വ്യക്തമായ പദ്ധതി കൾ നിത്യതയിൽതന്നെ ആസൂത്രണം ചെയ്തിട്ടുണ്ട്. ദൈവീകഭവനത്തിൽ ദൂതൻമാർ സേവകാത്മാക്കളാണ്. എന്നാൽ വീണ്ടെടുക്കപ്പെട്ട ദൈവത്തി ൻെറ ജനം ആ കുടുംബത്തിലെ പുത്രിപുത്രൻമാരാണ്. ദൂതൻമാരുടെ ഇടയിലെ വിവിധ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നത് മുമ്പെ ഗ്രഹി ച്ചതുപോലെ അവരുടെ ജോലികളെ അടിസ്ഥാനപ്പെടുത്തിയാണ് അവ ചുവടെ ചേർക്കുന്നു.

**i. <u>ആരാധിക്കുന്ന ദൂതൻമാർ:-</u>** യെശയ്യാവ് 6:1-8 വരെയുള്ള വാക്യങ്ങളിൽ കാണുന്ന സാറാഫുകൾ ദൈവത്തെ സദാ ആരാധി ക്കുകഎന്നൊരു ദൗത്യമേ അവർക്കുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളു. ഒരുപക്ഷേ ഇവരായിരിക്കാം ആരാധനക്ക് നേതൃത്വം കൊടുക്കുന്ന ദൂതസമൂഹം. ദൂതൻമാർ മൊത്തത്തിൽ ദൈവസൃഷ്ടികൾ എന്നനിലയിൽ ആരാധിപ്പാൻ കടപ്പെട്ടവരാണല്ലോ. എന്നാൽ ഒരു വിശ്വാസി ദൈവസൃഷ്ടി എന്നനിലയിൽ മാത്രമുള്ള ആരാധനക്കാരനല്ല അതിലും ഉപരിയായി വീണ്ടെടുപ്പിൻ ഗായകരാണ് (സങ്കീ 116: 12-13) "അവൻെറ സകലദൂതൻമാരുമായുള്ളോരെ അവനെ സ്തുതിപ്പിൻ എന്ന് (സങ്കീ 148 : 2) ലും, സ്വർഗ്ഗത്തിൽ എപ്പോഴും സ്തുതിക്കുന്നവരായിട്ടും വെളി 7 : 11-12 ലും ദൂതൻമാർ അത്യുച്ചത്തിൽ അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ബലവും

ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യനെന്ന് ദൈവത്തെ സ്തുതിക്കുന്നതായി വെളി 5 : 10-14 ലും കാണുന്നു.

**ii. ദൂതവാഹികൾ:-** ഇവരിൽ പ്രധാനി ഗബ്രിയേൽ ദൂതനത്രേ. ഏകദേശം 104 പ്രാവശ്യം ദൂതൻമാർ പ്രത്യക്ഷപ്പെട്ട സന്ദേശങ്ങൾ നൽകി യതായ് കാണുന്നു. ഗബ്രിയേൽ ദാനിയേലിന് വ്യാഖ്യാനവും ഉപദേശവും നൽകിയതായി ദാനി 8 : 16, 9 : 21 ൽ കാണാം. ഈ ദൂതൻ തന്നെയാണ് യോഹന്നാൻ സ്നാപകൻെറയും, യേശുവിൻെറയും ജനനത്തെക്കുറിച്ചും (ലൂക്കോസ് 1:19-26) അറിയിച്ചത്. അനുഗ്രഹങ്ങൾ മാത്രമല്ല ന്യായവിധിയും ദൂതൻമാരിൽകൂടി അറിയിച്ചിട്ടുണ്ട്. സോദോംഗോമോറെയുടെ നാശം (ഉല്പ. 18 : 21, 19: 13), മറിയയുടെ ചാരിത്ര്യശുദ്ധിയെ യോസഫിന് വെളി വാക്കുന്നതു, ഹേരോദാവിൻെറ ശിശുവധോദ്യമം. യേശുവിൻെറ ജനനം ഇടയൻമാരെ അറിയിക്കുന്നത്, ഹേരോദാവിൻെറ മരണവിവരം, സ്ത്രീകളെ ഉയർപ്പിൻ സന്ദേശം അറിയിച്ചത് (ലൂക്കോസ് 24:4-7), ക്രിസ്തുവിൻെറ പുനരാഗമന സന്ദേശം നൽകിയത് (അപ്പോ 1:10-11), ഷണ്ഡൻെറ അടുലേക്ക് ഫിലിപ്പോസ് പോകുവാൻ പറഞ്ഞത് (അപ്പോ 8 : 26), പത്രോസിനെ വരുത്തി കൊർന്നല്യോസ് പ്രസംഗം കേൾക്കുവാൻ പറഞ്ഞത് (അപ്പോ 10 : 23), പൗലോസിൻെറ യാത്രയിൽ സുരക്ഷ നൽകുമെന്ന് അറിയി ച്ചതും (അപ്പോ 27 : 22-25) ദൈവദൂതൻമാരത്രേ.

**iii. സൈനീക സേവനം:-** പട്ടാളത്തിലെ വിവിധ പദവി (Rank) കളെപ്പോലെ ദൂതൻമാരുടെ ഇടയിലുമുണ്ട്; സിംഹാസനങ്ങൾ, വാഴ്ചകൾ, കർത്തത്വങ്ങൾ, അധികാരങ്ങൾ തുടങ്ങിയവ (കൊലോ 1 : 16, എഫെ 1 : 21) വിശുദ്ധ ദൂതൻമാരുടെ ഇടയിൽ കാണാം. നമ്മുടെ ദൈവത്തിൻെര ഒരുനാമം തന്നെ "സൈന്യങ്ങളുടെ യഹോവ" എന്നാണ് (സങ്കീ 84 : 1, യെശ 6 : 3-6) 2 പത്രോ 2 :11 ഇതിനോട് ചേർത്തു പഠി ക്കുമ്പോൾ ബലവും ശക്തിയുമേറിയ ഒരുവലിയ ദൂതസൈന്യം ദൈവത്തി നുണ്ട് എന്നതിൽ തർക്കമില്ല. മീഖായേൽ ആയിരിക്കും ഈ സൈന്യത്തിൻെറ തലവൻ, അതിനുകാരണം ചിലപ്രതികൂല വേളകളിൽ മീഖായേലിനെയാണു ദൈവം നിയോഗിച്ചതായി മനസ്സിലാക്കാവുന്നത്. ദാനിയേലിൻെറ പ്രാർത്ഥനയെ തടഞ്ഞ പാർസിരാജ്യത്തിൻെറ പ്രഭുവിനെ ശാസിക്കുവാൻ (ദാനി 10: 13), മോശയുടെ ശരീരത്തിനായി വാദിച്ച പിശാചിനെ ശാസി ക്കാൻ (യൂദ 9), സ്വർഗ്ഗത്തിൽ നിന്നും സാത്താനെയും കൂട്ടരെയും പടവെട്ടി തള്ളിക്കളയുന്നതും, പ്രധാനദൂതനായ മീഖായേലിൻെറ

ശബ്ദത്തോടുകൂടെ സ്വർഗ്ഗത്തിൽ നിന്നും വിശുദ്ധരെ ചേർക്കുവാൻ വരുമ്പോഴും (1 തെസ്സ 4 : 16) മീഖായേലിനാണ് പ്രധാനഭാഗം കൈകാര്യം ചെയ്യേണ്ടതായിട്ടുള്ളത്. നീതിനിർവ്വഹണം, ശക്തിപ്രകടനം എന്നിവയോടാണ് ഈ സംഘം ബന്ധപ്പെട്ടിരിക്കുന്നത്.

**iv. ദൈവമക്കളെ സംരക്ഷണ ചെയ്യുന്ന സംഘം:-** (എബ്രാ 1 : 4) ൽ അവർ (ദൂതൻമാർ) ഒക്കെയും രക്ഷ പ്രാപിപ്പാനുള്ളവരുടെ ശിശ്രൂഷക്കായ് അയക്കപ്പെടുന്ന സേവകാത്മാക്കളാണ്. രക്ഷയുടെ പൂർത്തീകരണത്തിനായി കാത്തിരിക്കുന്ന വിശുദ്ധരെ ശിശ്രൂഷിപ്പാനായി ദൈവത്താൽ അയക്കപ്പെട്ടവരാണ് ദൂതൻമാർ. (സങ്കി 91 : 10-12) "ഒരു അനർത്ഥവും നിനക്ക് ഭവിക്കുകയില്ല........ നിന്റെ എല്ലാവഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ ദൂതൻമാരോട് കല്പിക്കും" (സങ്കി 34:7) "യഹോവയുടെ ദൂതൻ തന്റെ ഭക്തൻമാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കും. (പുറ 23:30) വഴിയിൽ കാക്കുവാനും, ദൈവം ആഗ്രഹിക്കുന്ന സ്ഥലത്തേക്ക് നമ്മെ കൊണ്ടുപോകേണ്ടതിനും ദൂതൻമാരെ തന്റെ മക്കൾക്ക് വേണ്ടി അയക്കുമെന്നും പറഞ്ഞിരിക്കുന്നു. ഓരോ വിശ്വാസിക്കും കുറഞ്ഞ 2 ദൂതൻമാരുടെ കാവൽ എങ്കിലും ഉണ്ടായിരിക്കുമെന്നാണ് തിരുവചനം സാക്ഷിക്കു (മത്താ 18:10-11) ന്നത്.

എല്ലാസമയത്തും ദൂതൻമാർ ശിശ്രൂഷയുടെ ഒരുക്കത്തിന്റെ ഭാഗമായി ദൈവസിംഹാസനത്തിന്റെ ഇടതും വലതും നിൽക്കുകയാണ് "ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേലാണ് (1രാജ്യ 22 : 19, ദാനി 7:10, ലൂക്കോസ് 1 : 10). എന്നാൽ രക്ഷിക്കപ്പെട്ട ദൈവജനം ആ കുടുംബത്തിലെ മക്കളും, ദൂതൻമാരാൽ ശിശ്രൂഷിക്കപ്പെടേണ്ടവരുമാണ്. നാം മക്കളാണ് ⟶ (യോഹ 1 : 12, റോമ 8:14-15, ഗലാ 4:6-7) മക്കൾ എന്ന നിലയിൽ കർത്താവിനോടൊപ്പം ഇരിക്കുവാനാണ് തിരഞ്ഞെടുത്തിരിക്കുന്നത് (യോഹ 12 : 26, 14 : 3, വെളി 3:21).

## ദൈവമക്കളെ സംരക്ഷണ ചെയ്ത ചില സംഭവങ്ങൾ

- ❖ ദൂതൻ ഏലിയാവിന് അപ്പവും വെള്ളവും നൽകി (1 രാജ്യ 19 : 4-8)

- ❖ ഏലീശയെ ശക്തരായ അരാം സൈന്യത്തിന്റെ കൈയ്യിൽനിന്നും വിടുവിച്ചു (2 രാജാ 6:13-23)
- ❖ ദാനിയേലിനെ സിംഹക്കുഴിയിൽ ദൂതനെ അയച്ച് വിടുവിച്ചു (ദാനി 6 : 21-23)
- ❖ അപ്പോസ്തോലൻമാരെ ദൂതൻ തടവിൽ നിന്നും വിടുവിച്ചു (അപ്പോ 5 : 18-20)
- ❖ പത്രോസിനെ കാരാഗ്രഹത്തിൽ നിന്നുവിടുവിച്ച് പ്രാർത്ഥനാകൂട്ടത്തിൽ എത്തിച്ചു (അപ്പോ2:1-11)

## v. <u>വിശ്വാസികളെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്ന സംഘം:-</u>

രക്ഷിക്കപ്പെട്ട ദൈവപൈതലിന്റെ ജീവിതം, ശിശ്രൂഷ, പ്രവൃത്തി തുടങ്ങിയവ ദൂതൻമാർ ശ്രദ്ധിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ദൈവപുത്രനായ ക്രിസ്തുവിന്റെ മനുഷ്യാവതാരം ദൂതൻമാരെ അത്ഭുതപ്പെടുത്തിയ വിഷയമായിരുന്നു. അനർഹരും, അയോഗ്യരുമായ മാനവജാതി ക്രിസ്തുവിന്റെ പുനരുത്ഥാനം മൂലം അനുഭവിക്കുന്ന അത്ഭുതകരമായ രക്ഷയും സ്വർഗ്ഗീയനഗ്രഹങ്ങളും കാണുന്നതിന് ദുതൻമാർ കുനിഞ്ഞു നോക്കുവാൻ ആഗ്രഹിക്കുന്നു എന്നാണ് പത്രോസ് പറയുന്നത് (1 പത്രോ 1:11-12). ഒരു വിശ്വാസി സുവിശേഷസന്ദേശം മറ്റുള്ളവരോട് അറിയിക്കുന്നതും തത്മൂലം പാപികൾ രക്ഷിക്കപ്പെടുന്നതും ദൂതൻമാരുടെ ഇടയിൽ സന്തോഷമുളവാക്കുന്ന വിഷയമാണ്. (ലൂക്കോസ് 15 : 10) എന്ന് കർത്താവ് തന്നെ പ്രസ്താവിച്ചിരിക്കുന്നു.

(1 കോരി 11 : 10) ൽ “സ്ത്രീക്ക് ദൂതൻമാർ നിമിത്തം തലമേൽ അധീനതാലക്ഷ്യം ഉണ്ടാകാതിരിക്കേണ്ടതിന് സ്ത്രീ മൂടുപടം ഇടുവാൻ പൗലോസ് പറയുന്നു. Dakes അതിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു മൂടുപടം ഇടുന്ന ഒരു സ്ത്രീ ഭർത്താവിന് അവളുടെമേലുള്ള അധികാരത്തെ കാണിക്കുന്നു. അപ്രകാരം അവളുടെ തലയാകുന്ന ഭർത്താവിന്റെ മുമ്പിൽ താഴ്മയും സമർപ്പണത്തിന്റെയും മാത്രുക കാട്ടുവാൻ സാധിക്കും. സ്വർഗ്ഗീയ ദൂതൻമാരും ദൈവത്തിന്റെ മുമ്പിൽ താഴ്മയും സമർപ്പണവുമുള്ളവരാകണമെന്ന മാത്രുക കാണിക്കുവാൻ ഇടയാകും എന്നാണ് ഈ വാക്യത്തിൽ ഉദ്ദേശിക്കുന്നത്.

## vi. <u>വ്യക്തികളുടെയും ജാതികളുടെയും മേൽ ന്യായവിധി നടത്തുന്ന ദൂതവിഭാഗം:-</u>

ദൂതൻമാർ മുഖാന്തരം ദൈവം



Pr. Saji Zachariah BA, BD
*Pandalam*

ഭൂമിയിൽ ന്യായവിധി നടത്തിയ അനേകം ദൃഷ്ടാന്തങ്ങൾ തിരുവെഴുത്തിൽ കാണുവാൻ കഴിയും. തന്നത്താൻ ഉയർത്തുവാൻ ശ്രമിച്ച ഹേരോദാരാജാവിനെ ജനം കാൺകെ കർത്താവിൻെറ ദൂതൻ ശിക്ഷിച്ചതായും, അവൻ കൃമിക്ക് ഇരയായി പ്രാണനെവിട്ടതും അപ്പോ 15: 21-23 ൽ കാണുന്നു. മിസ്രമിലെ കടിഞ്ഞൂലുകളെ കൊല്ലുവാനായി സംഹാരദൂതനെ അയച്ചു, സോദോമിൻമേൽ ന്യായവിധി നടത്തുവാനും ദൈവം രണ്ടു ദൂതൻമാരെ നിയോഗിച്ചു. ജനത്തിന് നാശംവരുത്തിക്കൊണ്ടിരുന്ന ദൂതനോട് അതു നിർത്തുവാനും ദൈവം ആവശ്യപ്പെട്ടതായ് വായിക്കുന്നു (2 ശമു 24 : 16) അശൂർ പാളയത്തിൽ ഇറങ്ങിയ ദൂതൻ ഒരു രാത്രികൊണ്ട് 1,85000 പേരെ നിഗ്രഹിച്ചതും നാം ഗ്രഹിക്കുന്നു (2 രാജാ 2: 11). സങ്കീ 78: 49, മത്താ 13: 41, വെളി 8: 1-9, 12 .

## vii. ദൈവമക്കളെ സ്വർഗ്ഗീയ പറുദീസയിലേക്ക് കൊണ്ടുപോകുന്ന സംഘം:-

ലൂക്കോ 16: 21 "ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതൻമാർ അവനെ അബ്രഹാമിൻെറ മടിയിലേക്ക് കൊണ്ടുപോയി". 2 രാജാ 2: 11 ൽ ഏലിയാവിനെ അഗ്നിരഥവും അഗ്നി അശ്വങ്ങളും വന്ന് ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി. ദൂതൻമാർ നരകത്തിലേക്കല്ല പറുദീസയിലേക്കാണ് കൊണ്ടുപോകുന്നത്. യേശുക്രിസ്തുവിൻെറ ക്രൂശുമരണത്തിന്മുമ്പ് മരിച്ച വിശുദ്ധൻമാരുടെ ആത്മാവിനെ ഭൂമിയുടെ അന്തർഭാഗത്തുള്ള പറുദീസ (അബ്രഹാമിൻെറ മടി) എന്നൊരു സ്ഥലത്ത് മരണത്തിൻെറ അധികാരിയായ പിശാചിൻെറ അടിമത്വത്തിൽ കിടക്കുകയായിരുന്നു (എബ്രാ 2: 14-15). എന്നാൽ യേശുക്രിസ്തുവിൻെറ ക്രൂശുമരണത്തിന് ശേഷം യേശു ആത്മാവിൽ അവിടെ ചെല്ലുകയും ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ വിടുവിച്ചു (എബ്രാ 2: 15). എഫെ4: 8 ൽ "അവൻ ബദ്ധൻമാരെ പിടിച്ചുകൊണ്ട് പോയി ഉയരത്തിൽ കയറി മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു" എന്ന് വായിക്കുന്നു. അതിനാൽ ഇന്നു മരിക്കുന്ന വിശുദ്ധൻമാരുടെ ആത്മാവ് പൗലോസ് പറയുന്നതു പോലെ മൂന്നാം സ്വർഗ്ഗത്തോളം പോയി എന്നതുപോലെ സ്വർഗ്ഗസ്ഥലങ്ങളിലെ പറുദീസയിലാണ് വിശ്രമിക്കുന്നത്. അവർ കാഹളനാദം കേൾക്കുമ്പോൾ രൂപാന്തരപ്പെടുവാൻ കാത്തിരിക്കുകയാണ്. ഇപ്പോൾ വിശുദ്ധൻമാരുടെ ആത്മാവ് കർത്താവിനോടുകൂടെ വസിക്കുന്നു (2 കോരി 5 : 8), ക്രിസ്തുവിനോടുകൂടി വസിക്കുന്നു, (ഫിലി 1 : 23), സ്വർഗ്ഗത്തിൽ, (എബ്രാ 12 : 23). ഈ ദൂതസംഘം വിശുദ്ധൻമാരെ സ്വർഗ്ഗീയ പറുദീസയിലേക്ക് കൊണ്ടുപോകും.

കർത്താവിൻെറ വരവിൽ രൂപാന്തരം പ്രാപിക്കുകയും ചെയ്യും (1 തെസ്സ 4 : 16) എന്നും പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നു.

## VII. ദൂതൻമാരുടെ ഭാവികാല ശിശ്രൂഷ:-

i. സഭയെ ചേർക്കുവാൻ വരുമ്പോൾ പ്രധാനദൂതൻെറ സാന്നിദ്ധ്യവും ഉണ്ടായിരിക്കുമെന്ന് കാണുന്നു (1 തെസ 4:16).

ii. കർത്താവിൻെറ മഹത്വ പ്രത്യക്ഷതയിൽ കർത്താവ് ദൂതൻമാരോട് കൂടെ വരുമെന്ന് മനസ്സിലാക്കാം ( മത്താ 16:2, 25:31).

iii. കർത്താവിൻെറ മഹത്വ പ്രത്യക്ഷതക്കു ശേഷം ഭൂമിയുടെ നാല് അറുതികളിൽ നിന്നും യഹൂദശേഷിപ്പിനെ കൂട്ടിച്ചേർക്കുന്നത് ദൈവദൂതൻനാരാണ് ( മത്താ 24:31).

iv. ലോകാന്ത്യത്തിൽ നീതിമാൻമാരുടെ ഇടയിൽനിന്ന് ദുഷ്ടൻമാരെ വേർതിരിച്ച് തീച്ചൂളയിൽ ഇടുന്നത് ദൂതൻമാരത്രേ ( മത്താ 13:39-42, 2 തെസ്സ 1:6-7).

v. പുതിയ യെറുശലേമിൻെറ വാതിലുകളുടെ മുമ്പിൽ ദൂതൻമാർ നിൽക്കും. ഇവർ കാവൽ ഭടൻമാരായിരിക്കും ( വെളി 21:12).

## (ഭാഗം - 2)

## (B) വീണ ദൂതൻമാർ:-

## VIII. സാത്താൻെറ ആദിമഹിമ:-

സാത്താൻ എന്ന പേരോടുകൂടി ഒരു വ്യക്തിയേയോ, ദൂതനേയോ ദൈവം സൃഷ്ടിച്ചതായി കാണുന്നില്ല ആദാമ്യ സൃഷ്ടിക്ക് മുമ്പ് തന്നെയാണ് ദൈവം ദൂതൻമാരെ സൃഷ്ടിച്ചത്. എന്നാൽ ദൈവത്തെക്കാൾ ഉന്നതൻമാരായി തീരുവാൻ നടത്തിയ ശ്രമമാണ് സാത്താൻെറ ഉത്ഭവത്തിന് കാരണം. ദൈവം ദൂതൻമാരെ സൃഷ്ടിച്ചത് പൂർണ്ണ ജ്ഞാനത്തോടും, സൗന്ദര്യത്തോടും കൂടെയാണ്. പാപം ചെയ്യുന്നതിനു മുമ്പ് ലൂസിഫർ (ശുക്രൻ)



Pr. Saji Zachariah BA, BD
*Pandalam*

സൗന്ദര്യസമ്പൂർണ്ണനായിരുന്നു. യെശ 14:12-16, യെഹ 28:11-18 എന്നീ ഭാഗത്ത് പരിശോധിച്ചാൽ ഒരു മനുഷ്യരാജാവിനെപ്പറ്റിയല്ല പറയുന്നത് എന്നത് വ്യക്തമാണ്. അതിനു കാരണം "നീ ചിറകു വിടർത്തു മറെക്കുന്ന കെരൂബ് ആകുന്നു" തുടങ്ങിയ പ്രസ്താവനകൾ നിശ്ചയമായും വീണുപോയ ദൂതൻമാരെക്കുറിച്ചുള്ളതാണ്. പാപം ചെയ്യുന്നതിന് മുമ്പുള്ള അവന്റെ മഹിമകൾ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

i. അവൻ രാജത്വമുള്ളവനായിരുന്നു.
ii. അവൻ മാതൃകാ മുദ്രയായിരുന്നു.
iii. അവൻ ജ്ഞാന സമ്പൂർണ്ണനായിരുന്നു.
iv. അവൻ സൗന്ദര്യ സമ്പൂർണ്ണനായിരുന്നു.
v. അവൻ ദൈവത്തിന്റെ തോട്ടമായ ഏദനിലായിരുന്നു പാർത്തത്.
vi. അവൻ രത്നാവരണങ്ങളാൽ അതീവ സുന്ദരനായിരുന്നു
vii. അവൻ സംഗീതോപകരണങ്ങളോടു സൃഷ്ടിക്കപ്പെട്ടവനായിരുന്നു
viii. അവന് ചിറകുണ്ടായിരുന്നു
ix. അവൻ അഗ്നിമയമായ രഥങ്ങളിലായിരുന്നു സഞ്ചരിച്ചിരുന്നത്
x. അവൻ ദൈവസൃഷ്ടിയും, നടപ്പിൽ നിഷ്കളങ്കനും, വ്യാപാരപ്പെരുപ്പമുള്ളവനുമായിരുന്നു

## IX. ദൂതന്റെ വീഴ്ച:-

മുകളിൽ പ്രസ്താവിച്ച ശ്രേഷ്ടതകളാൽ ദൈവം കെരൂബുക്കളിൽ ഒരുവനായ ലൂസിഫറിനെ നിറച്ചിരന്നു. എന്നാൽ തനിക്ക് ലഭിച്ച അധികാരങ്ങളും പദവികളും നിമിത്തം അവന്റെ അന്തർഭാഗം സാഹസംകൊണ്ട് നിറയുകയും ദൈവത്തിന് വിരോധമായി പാപം ചെയ്യുവാനുമിടയായി.

യെഹ 28:15 ൽ "നികൽ നീതികേട് കണ്ടു" എന്ന് പറഞ്ഞിരിക്കുന്നു. തത്ഫലമായി ദൈവം അവനെ അശുദ്ധൻ എന്ന് എണ്ണി വിശുദ്ധ പർവ്വതത്തിൽ നിന്നും തള്ളികളഞ്ഞു. J. O. Buswell എന്ന വേദശാസ്ത്രൻ പറഞ്ഞിരിക്കുന്നത് വേദപുസ്തകത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ പാപം ഉടലെടുത്തത് ദൈവം നല്കിയ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്തതിലൂടെയാണ്. സാത്താൻ മനഃപൂർവ്വം പാപം ചെയ്യുകയായിരുന്നു. പാപം ലോകത്തിൽ ഉടലെടുത്തത് ദൂതൻമാരുടെ ഇടയിലായിരുന്നു.

## X. വീഴ്ചക്കുള്ള കാരണങ്ങൾ:-

1 തിമോ 3:6 ൽ സാത്താന്റെ വീഴ്ചക്കു കാരണം അവന്റെ അന്തർഭാഗത്ത് ഉടലെടുത്ത നിഗളമാണെന്ന് വ്യക്തമാക്കുന്നു. യെഹ 28:17 ൽ "നിന്റെ സൗന്ദര്യം നിമി

ത്തം നിൻെറ ഹൃദയം ഗർവ്വിച്ചു, നിൻെറ പ്രഭനിമിത്തം നീ നിൻെറ ജ്ഞാനത്തെ വഷളാക്കി. ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു.. ..'' ചുരുക്കത്തിൽ പറഞ്ഞാൽ തനിക്ക് ലഭിച്ച ഉന്നത സ്ഥാനം സ്വാർത്ഥ താത്പര്യത്തിനു വേണ്ടി ഉപയോഗിക്കുകയും സ്വയം വലിയവനാണെന്ന് നടിക്കുകയും ചെയ്തത് അവൻെറ വീഴ്ചക്ക് കാരണമായി. യെശ 14:13-17 വരെയുള്ള വാക്യങ്ങളിൽ ലൂസിഫറിൻെറ അംഹംഭാവത്തിൽനിന്നും ഉടലെടുത്ത 5 വിധമായ ''ഞാൻ'' പ്രസ്താവനകൾ ചുവടെ ചേർക്കുന്നു.

i. ഞാൻ സ്വർഗ്ഗത്തിൽ കയറും.
ii. ഞാൻ എൻെറ സിംഹാസനം ദൈവത്തിൻെറ നക്ഷത്രങ്ങൾക്ക് മീതെ വെയ്ക്കും.
iii. ഞാൻ ഉത്തരദിക്കിൻെറ അതിർത്തിയിൽ സമാഗമപർവ്വതത്തിൻമേൽ ഞാൻ ഇരുന്നരുളും
iv. ഞാൻ അത്യുന്നതനോടു സമനാകും
v. ഞാൻ മേഘോന്നതങ്ങൾക്ക് മീതെ കയറും

ദൈവം ദൂതൻമാർക്ക് ഒരുപരിധിവരെ സ്വാതന്ത്ര്യം നൽകിയിരുന്നു. അതിൻെറ ദുരുപയോഗമാണ് പരാജയപ്പെടുവാനിടയായത്.

## XI. വീഴ്ചയുടെ അനന്തര ഫലങ്ങൾ:-

i. അവരുടെ യാഥാർത്ഥ സ്വഭാവവും, പ്രകൃതവും, വിശുദ്ധിയും നഷ്ടപ്പെട്ട് ദുഷിച്ചതായിത്തീർന്നു (മത്താ 10:1, എഫെ 6:11, വെളി 12:9).
ii. ചിലർ അന്ധതമസ്സിൻെറ ചങ്ങലയാൽ ന്യായവിധിക്കായി സൂക്ഷിക്കപ്പെട്ടു (യൂദ 9, 2 പത്രോ 2:4).
iii. ചിലർ സ്വതന്ത്രരായി തുടരുകയും വിശുദ്ധദൂതൻമാരുമായി പടവെട്ടുന്നവരുമായി തീർന്നു (യൂദ 9, വെളി 12:7-9).
iv. ദൂതൻമാരുടെ പാപം സകല സൃഷ്ടികളെയും ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബാധിക്കത്തക്ക സ്വാധീനം ചെലുത്തി (റോമ 8:19-22).
v. അവരുടെ പ്രേരണയാൽ ഭൂമി ശപിക്കപ്പെട്ടതായി (ഉല്പ 3:17-19).
vi. ഇവരെ ഭാവിയിൽ എന്നെന്നേക്കുമായി ദൈവസന്നിധിയിൽ നിന്നും തള്ളപ്പെടുകയും (വെളി 12:8-9) അതിനു ശേഷം അവരെ ന്യായം വിധിക്കുകയും (1 കോരി 6:3) നിത്യാഗ്നിയിലേക്ക് എന്നെന്നേക്കുമായി തള്ളിയിടുകയും ചെയ്യും (മത്താ 25:41-46, 2 പത്രോ 2:4, യൂദ 6).

കുറിപ്പ്; സാത്താൻെറയും അവൻെറ ദൂതൻമാരുടെയും പാപമായിരിക്കാം മനോഹരാവസ്ഥയിൽ സൃഷ്ടിക്കപ്പെട്ട ഭൂമി (യെശ 15:18) പാഴും ശൂന്യവും ആയിതീരുവാൻ കാരണം "It became formless and void" (ഉല്പ 1:1-2).

## XII. പാപം ചെയ്ത ദൂതൻമാരുടെ ഇടയിലെ വിഭാഗങ്ങൾ:-

a. സാത്താൻ
b. സ്വതന്ത്രദൂതൻമാർ
c. ബന്ധിതരായ ദൂതൻമാർ
d. ദുരാത്മാക്കൾ അഥവാ ഭൂതങ്ങൾ

**a. സാത്താൻ:-** സാത്താൻെറ സ്വഭാവത്തെയും പ്രവർത്തികളെയും ആസ്പദമാക്കി തിരുവചനത്തിൽ വ്യത്യസ്ത പേരുകളലാണ് അവനെ അറിയപ്പെടുന്നത്. അവ ചുവടെ ചേർക്കുന്നു;

**i. ലൂസിഫർ (ശുക്രൻ) :-** ഈ പേരിൻെറ അർത്ഥം പ്രകാശവാഹകൻ എന്നാണ് യെശ 14:12

**ii. പിശാച് :-** പുതിയനിയമത്തിൽ മാത്രമേ ഈ നാമം കാണുന്നുള്ളു (മത്താ 13:39, യോഹ 13:2, എഫേ 6:11, യാക്കോബ് 4:7).

**iii. സത്താൻ :-** ഈ പേരിൻെ അർത്ഥം അവൻെറ സ്വഭാവംപോലെ പ്രതിയോഗി, എതിരാളി എന്നൊക്കെയാണ് 1 ദിന 2:1, ഇയ്യോ 1:6, സെഖ 3:1, മത്താ 4:10, 2 കോരി 2:11, 1 തിമോ 1:20).

**iv. മഹാ സർപ്പം :-** ഈ പേര് അവൻെറ ഉഗ്രസ്വഭാവത്തെയാണ് കാണിക്കുന്നത് (വെളി 12:3, യെശ 51:9).

**v. പാമ്പ് :-** സാത്താൻെറ ചതിവിനെയും വഞ്ചനയെയും ഈ പേര് വെളിപ്പെടുത്തുന്നു (ഉല്പ 3:2, യെശ 27:1, വെളി 12:9, 20:2, 2 കോരി 11:3).

**vi. <u>ബെയത് സെബൂൽ</u> :-** ഈ പദത്തിന്റെ അർത്ഥം മൃഗകാഷ്ഠ ദേവൻ എന്നാണ് (മത്താ 10:25, 12:24,27, മർക്കോ 3:22 , ലൂക്കോ 11:15,18,19). സകല ധാർമ്മിക അശുദ്ധിയുടെ ദേവനത്രേ (2 രാജാ 1:2).

**vii. <u>ബെലിയാൽ</u> :-** നീചത്വം, ദുർഗുണം, വിലകെട്ട അവസ്ഥ എന്നൊക്കെയാണീ പദത്തിന്റെ അർത്ഥം (2 കോരി 6:15).

**viii. ദുഷ്ടൻ :-** സാത്താന്റെ ആളത്ത്വത്തിന്റെയും, പ്രവർത്തനത്തിന്റെയും തനി സ്വഭാവം വെളിപ്പെടുത്തുന്നു (1 യോഹ 5:19, മത്താ 13:19,38, എഫെ 6:16, 1 യോഹ 2:13,14).

**ix. <u>ഈ ലോകത്തിന്റെ ദൈവം</u> :-** സത്യ ദൈവത്തിന്റെ പ്രവർത്തിയെ അനുകരിച്ച്കൊണ്ട് ഭൂഗോളത്തിൻമേൽ മുഴുവനും ആധിപത്യം നടത്തുന്നവൻ എന്നാശയമാണ് ഇതിലുള്ളത് (2 കോരി 4:4).

**x. <u>ഈ ലോകത്തിന്റെ പ്രഭു</u> :-** ഈ ലോക ഗവൺമെൻറുകളുടെ മേലുള്ള സ്വാധീനമാണ് ഇതുകൊണ്ട് വെളിപ്പെടുത്തുന്നത്. ദേശാധിപതിയെന്നൊക്കെ പറയുന്നത് ഇവരുടെ പ്രവർത്തന ശൈലിയുടെ ഭാഗമാണ് (യോഹ 12:31, 14:30, 16:11).

**xi. <u>ഭോഷ്ക്കിന്റെ പിതാവ്</u> :-** സാത്താന്റെ പ്രവർത്തന ശൈലിയാണ് ഭോഷ്കും വഞ്ചനയും. സാത്താൻ ഭോഷ്കു പറയുന്നവനും അവന്റെ അപ്പനുമാണ് (യോഹ 8:44, ഉല്പ 3:4,5).

**xii. <u>ആകാശത്തിലെ ആധിപതി</u> :-** (എഫെ 2:2, 6:12) യും ഭൂതങ്ങളുടെ തലവനും (മത്താ 12:24; വെളി 16:13,14).

**b. <u>സ്വതന്ത്ര ദൂതൻ</u>:-** ഇവരെ നാം കാണുന്നത് സാത്താനോടും അവന്റെ പ്രവർത്തനങ്ങളോടുമുള്ള ബന്ധത്തിലാണ് (മത്താ 25:41; വെളി 12:7-9). ഇവർ സാത്താനോടൊപ്പം അന്തരീക്ഷത്തിൽ അതിവസിച്ച് പ്രവർത്തിക്കുന്നവരാണ് (സങ്കീ 78:49; റോമ 8:38; 1 കോരി 6:3; വെളി 9:14) സാത്താനും അവന്റെ ദൂതൻമാർക്കും വേണ്ടിയാണ് അഗ്നിനരകം ഒരുക്കിയിരിക്കുന്നത് (മത്താ 25:41). എന്നാൽ അവിടെ തള്ളപ്പെടുന്നതു വരെയുള്ള സമയത്ത് അവർക്ക് അധിവസിപ്പാനായി ദൈവം ദൈവം അനുവദിച്ചുകൊടുത്തിരിക്കുകയാണ്. എഫെ 2:2 ൽ ആകാശത്തിലെ അധിപതി

യായവനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഇവർ ഇന്നും ആകാശമണ്ഡലത്തിൽ അധിവസിച്ച് ദൈവത്തിനും ദൈവജനത്തിനുമെതിരെ പ്രവർത്തിക്കുന്നു.

**C. ബന്ധിതരായ ദൂതൻമാർ:-** 2 പത്രോ 2:4 ൽ പാപം ചെയ്ത ദൂതൻമാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിൻെറ ചങ്ങലയിട്ട് നരകത്തിലാക്കി ന്യായവിധിക്കായി ഇട്ടിരിക്കുകയാണ്. യൂദ 6 ൽ "തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്തവാസസ്ഥലം വിട്ടുപോയ ദൂതൻമാരെ മഹാദിവസത്തിൻെറ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു". പത്രോസിൻ "നരകത്തിൽ" എന്നതിന് Tartarus - ടാർട്ടറസ് എന്ന ഗ്രീക്ക് പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിൻെറ അർത്ഥം യഹൂദപാരമ്പര്യം അനുസരിച്ച് അധമ പാതാളത്തിൻെറ ഭാഗമാണ്. പാപം ചെയ്ത ദൂതൻമാരെ ന്യായവിധി ദിവസം വരെ റിമാൻഡിൽ വച്ചിരിക്കുന്ന സ്ഥലമാണ്. ചില വേദപണ്ഡിതരുടെ അഭിപ്രായത്തിൽ ഉല്പ 6:1-8 വരെയുള്ളഭാഗത്ത് ദൈവപുത്രൻമാരായ ദൂതൻമാർ ചെയ്ത പാപ, ആ തരത്തിലുള്ളതുകൊണ്ട് ഇനിയും ഇവരെ സ്വതന്ത്രരായി വിട്ടാൽ പിന്നെയും പഴയപടി ആവർത്തിക്കപ്പെടുമെന്നതുകൊണ്ട് ചങ്ങലയിട്ട് വച്ചിരിക്കുകയാണെന്നാണ്.

**C. ദുരാത്മാക്കൾ അല്ലെങ്കിൽ ഭൂതങ്ങൾ (Demons):-**
പഴയപുതിയ നിയമങ്ങളിൽ ഇവരെക്കുറിച്ച് ധാരാളം പ്രാവശ്യം പറയുന്നുണ്ട് (ആവർത്ത 32:17; ലേവ്യ 17:17; യെശ 13:21, 34:13; മത്താ 4:24, 8:16, 10:8; മർക്കോ 6:13, 10:17-18; ലൂക്കോ 4:40-41, 13:22; അപ്പോ 19:2; 1 കോരി 10:20-21). ഭൂതബാധിതരായവരെ യേശുവും ശിഷ്യൻമാരും അതിൽനിന്നും വിടുവിച്ചതായി കാണുന്നു. ഭൂതങ്ങൾ ആരാണ് എന്നത് വ്യത്യസ്ഥമായ അഭിപ്രായങ്ങൾ നിലവിലുണ്ട് അവ ചുവടെ ചേർക്കുന്നു:

**i. പരമദുഷ്ടരായി ജീവിച്ചു മരിച്ചവരുടെ ആത്മാക്കളാണ് ഭൂതങ്ങൾ:-**
ഹൈന്ദവ വിശ്വാസങ്ങളിലും പാരമ്പര്യ ക്രൈസ്തവരുടെ മനസ്സുകളിലും കുടികൊണ്ടിരിക്കുന്നത് ഈ ആശയമാണ്, ഈ ആശയത്തെ ആദിമ സഭാപിതാക്കൻമാരായ ഫൈലോ, ജോസിഫസ് തുടങ്ങിയവർ അംഗീകരിച്ചിരുന്നു. എന്നാൽ ഈ അഭിപ്രായം തിരുവചനപ്രകാരം അംഗീകരിക്കുവാൻ സാധ്യമല്ലാത്തതാണ്. അതിനുകാരണം മരിച്ചവരുടെ ആത്മാക്കൾ ഇപ്പോൾ വിശ്രമസ്ഥലത്താണ് അല്ലാതെ ഊടാടി സഞ്ചരിക്കുകയല്ല. പിന്നെ ഈ നാടുകളിൽ കാണപ്പെടുന്ന സംഭവങ്ങൾ – മരിച്ചുപോയ പ്രിയപ്പെട്ടവർ ജീവനുള്ളവരുടെ ശരീരത്തിൽ വന്ന് സംസാരിക്കുന്നത്

യാഥാർത്ഥത്തിൽ മരിച്ചവരുടെ ആത്മാവ് വന്നതല്ല പ്രത്യുത, സാത്താൻ ഉപായരൂപേണ കാണിക്കുന്ന തന്ത്രങ്ങൾ അത്രേ. മരിച്ചവരുടെ അവസ്തയെക്കുറിച്ച് തിരുവചനത്തിൽ പറയുന്നത് ശ്രദ്ധിക്കുക ദാനി 12:13 ൽ ദൈവം ദാനിയേലിനോട് പറഞ്ഞു "നീ വിശ്രമിച്ചു കാലാവസാനത്തിൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുനേറ്റ് വരും" വെളി 14:13 ൽ തങ്ങളുടെ പ്രയത്നങ്ങലിൽ നിനു വിശ്രമിക്കേണ്ടതാകുന്നു എന്ന് പറഞ്ഞിരിക്കുന്നു. സങ്കീ ങ്ങർ:ങ്ങൾ ൽ "മരിച്ചവരും മൗനതയിൽ ഇറങ്ങി യവർ ആരും ദൈവത്തെ സ്തുതിക്കുന്നില്ല" (സങ്കീ 6:5; 30:9, 88:10-11, 72:18; സഭാ 9:1-6) ഈ ഭാഗങ്ങൾ ശ്രദ്ധിക്കുക. മറ്റുപുതിയ നിയമഭാഗങ്ങൾ ശ്രദ്ധിക്കുമ്പൊൾ മരിച്ചവരുടെ ആത്മാവ് കർത്താവിനോടു കൂടി വസിക്കുന്നു (2 കോരി 5:8), ക്രിസ്തുവിനോട്കൂടിയിരിക്കുന്നു (ഫിലി 1:13) സ്വർഗ്ഗത്തിൽ ദൂതൻമാരുടെ കൂടെയും മറ്റും (എബ്രാ 12:23) ഇരിക്കുന്നു എന്നാണ് തിരുവചന സാക്ഷ്യം. സഭാ 9:6 ൽ മരിച്ചവർക്ക് സൂര്യന് കീഴെ നടക്കുന്ന യാതൊന്നിലും അവർക്ക് ഒരിക്കലും ഓഹരിയില്ല . അതിനാൽ മരിച്ചവർക്കും, മരിച്ചവരോടും പ്രാർത്ഥിച്ചാലോ യാതൊരു പ്രയോജനവും ചെയ്യുകയില്ല. (യെശ 8:19; യിര 22:10; യെശ 63;16; ഇയ്യോ 14:4, 2 കോരി 5:10; വെളി 22:12) ചുരുക്കത്തിൽ, ഭൂതങ്ങൾ എന്നുപറയുന്നത് മരിച്ചവരുടെ ആത്മാവല്ല എന്ന് മനസ്സിലാക്കാം.

**ii. <u>ആദാമ്യ സൃഷ്ടിക്ക് മുമ്പുള്ള ആദിമ ഭൂമിയിൽ ജീവിച്ചിരുന്നവരുടെ ദേഹരഹിത ആത്മാക്കളാണ് ഭൂതങ്ങൾ</u>:-** ഇപ്രകാരം വിശ്വസിക്കുന്നവർ പഠിപ്പിക്കുന്നത് ആദാമ്യ വംശത്തിനുമുമ്പ് ഭൂമിയിൽ മനുഷ്യർ വസിച്ചിരുന്നു എന്നും ലൂസിഫറിന്റെ വിഴ്ചയോട് സാത്താൻ ആ മനുഷ്യരെ സ്വാധീനിക്കുകയും ചെയ്തു. അങ്ങനെയാണ് ഉല്പ 1:2 ലെ ശരിയായ വിവർത്തനപ്രകാരം, അപ്രകാരമാണ് ഭൂമി പാഴും ശൂന്യവും ആയിത്തീർന്നത്. ഈ സ്വാധീനിക്കപ്പെട്ട മനുഷ്യവർഗ്ഗം ദൈവീക ന്യയവിധിയുടെ പരിണിതഫലമായി ശരീരം നഷ്ടപ്പെട്ട ദുഷ്ടാത്മാക്കൾ ഭൂതങ്ങൾക്കായി മാറുകയും ചെയ്തു. ഇംഗ്ലീഷിൽ (King James Version) മാത്രം Replenish (വീണ്ടും നിറവിൻ) എന്നാണു ഉല്പ 1:28 പറഞ്ഞിരിക്കുന്നത്. ആദാമിനോട് ദൈവം പറയുന്നത് ഈ അർത്ഥത്തിൽ ചിന്തിച്ചാൽ "വീണ്ടും നിറവിൻ" എന്നതിൽ നേരത്തെ ഉണ്ടായിരുന്നു എന്ന ധ്വനി തോന്നും. പെംബർ തുടങ്ങിയ ചിന്തകൻമാരുടെ മുകളിൽ പറഞ്ഞിരിക്കുന്ന വാദത്തെ സാധൂകരിക്കുന്നതായി തോന്നും.

എന്നാൽ തിരുവചനത്തിൽ ആദാമിനെ മുമ്പ് മനുഷ്യവർഗ്ഗം ഭൂമിയിൽ താമസിച്ചിരുന്നതായി യാതൊരു തെളിവും കാണുന്നുല്ല.



Pr. Saji Zachariah BA, BD
*Pandalam*

**iii. ദൂതൻമാർ മനുഷ്യപുത്രിമാരെ വിവാഹം കഴിച്ചതിൽ ജനിച്ച തലമുറയാണ് ഭൂതങ്ങൾ:-** ഉല്പ 6:1-4 വരെയുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്ന ദൈവപുത്രൻമാർ എന്നത് ദൈവദൂതൻമാർ തന്നെയാണ് എന്ന് ഈ കൂട്ടർ വാദിക്കുന്നു. ഈ വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ പ്രകൃതി വിരുദ്ധമായ സംയോഗം ആത്മതല ജീവികളായ ദൂതൻമാരും അക്കാലത്തെ മനുഷ്യസ്ത്രീകളുമായി ഉണ്ടായെന്നും തത്ഫലമായി ജനിച്ചവരാണ് മല്ലൻമാർ (ഉല്പ 6:4). ജലപ്രളയത്തിൽ നശിക്കപ്പെട്ട ഇവർ ശരീരവാസം കൊതിച്ചുകൊണ്ട് എങ്ങനെയും ഒരു ശരീരത്തിൽ കയറികൂടുവാൻ ശ്രമിക്കുന്നത് ലൂക്കോ 8:32 ലെ മറ്റും സംഭവങ്ങളിൽനിന്നും മനസ്സിലാക്കാം ഇവരാണ് ഈ ഭൂതങ്ങൾ എന്നതും തിരുവചനം സാക്ഷീകരിക്കുന്നില്ല.

**iv. വീണുപോയ ദൂതൻമരിൽ ഒരുവിഭാഗമാണിവർ:-** യേശുക്രിസ്തു തൻെറ ശിശ്രൂഷയിൽ അനേകം ഭൂതങ്ങളേ പുറത്താക്കിയതായി തിരുവചനത്തിൽ കാണുന്നു. ശാസ്ത്രിമാരും പരീശൻമാരും യേശു ഭൂതങ്ങളെ പുറത്താക്കുന്നത് കണ്ടിട്ട് ഭൂതങ്ങളുടെ തലവനായ ബെയൽസെബൂലിനെക്കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നതായി പറഞ്ഞു. ആതിന് യേശു "സാത്താൻ സാത്താന്നെ എങ്ങനെ പുറത്താക്കുവാൻ കഴിയും? ഒരുരാജ്യം തന്നിൽതന്നേ ഛിദ്രിച്ചു എകിൽ ആ രാജ്യത്തിനും നിലനിൽപ്പാൻ കഴികയില്ല" ഈ പ്രസ്താവനയിലൂടെ യേശു വ്യക്തമാക്കിയ കാര്യം ഭൂതവും, സാത്താനും ഒരേ വിഭാഗത്തിൽ ഉൾപ്പെട്ടവർ തന്നെയാണ് (മത്താ 12:24-26; ലൂക്കോ 11:15-18, മർക്കോ ൺ:ഞഞിഞർ). ദൈവവചനപ്രകാരമുള്ള അഭിപ്രായം ഭൂതങ്ങൾ എന്ന് പറയുന്നത് വീണ്പോയ ദൂതൻമാരുടെ കൂട്ടത്തിലെ വിഭാഗങ്ങളലൊന്നാണെന്നാണ്.

# XIII. സാത്താൻെറ തന്ത്രങ്ങൾ:-

- **i.** പരീക്ഷിക്കുന്നു (മത്താ 4:1-10; ലൂക്കോ 4:1-10)
- **ii.** വ്യാജം പറയുന്നു (യോഹ 8:44)
- **iii.** വചനം എടുത്തു കളയുക (മത്താ 13:19)
- **iv.** ദണ്ഡിപ്പിക്കുക, ശല്യപ്പെടുത്തുക (2 കോരി 12:7ം ഇയ്യോ 1,1)
- **v.** തടസ്സങ്ങൾ ഉണ്ടാക്കുക (1 തെസ്സ 2:28; ദാനി 10:13)
- **vi.** ഗോതമ്പുപോലെ പാറ്റുക (ലൂക്കോ 22:31)
- **vii.** വെളിച്ചദൂതൻെറ വേഷം ധരിക്കുക (2 കോരി 11:14,15)
- **viii.** കുറ്റം ചുമത്തുക ( വെളി 12:9,10)
- **ix.** രോഗത്താൽ ബാധിക്കുക (ലൂക്കോ 13:16; അപ്പോ 10:38)
- **x.** കാല്ലുക, വിഴുങ്ങുക (1 പത്രോ 5:8; യോഹ 8:44)
- **xi.** സാത്താൻ പ്രവേശിക്കുക:-

(a). യൂദായിൽ (യോഹ 13:27), (b) കായീനിൽ (1 യോഹ 3:12), (c) ദാവീദിൽ 91 ദിന 21:3), (d) പത്രോസിൽ (മത്താ 16:21-23).

## XIV. സാത്താൻെറ തന്ത്രങ്ങളോടുള്ള ദൈവമക്കളുടെ പ്രതികരണങ്ങൾ എന്തായിരിക്കേണം:-

1. സാത്താൻെറ തന്ത്രങ്ങളെ അറിയേണം (2 കോരി 2:11)
2. എതിർക്കണം 1 പത്രോ 5:9; യാക്കോ 4:7)
3. ഇടം കൊടുക്കരുത് (എഫെ 4:27)
4. ആത്മാവിൽ ആരാധിക്കണം (അപ്പോ 16:25; യോശു 6:5)
5. ദൈവത്തിൻെറ സർവ്വായുധ വർഗ്ഗം ധരിക്കണം (എഫെ 6:10-18)

    a. അരെക്ക് സത്യം കെട്ടണം
    b. നീതി എന്ന കവചം ധരിക്കണം
    c. സമാധാന സുവിശേഷത്തിനോടുള്ള ഒരുക്കം കാലിന് ചെരിപ്പ്
    d. വിശ്വാസം എന്ന പരിച
    e. രക്ഷ എന്ന ശിരസ്ത്രം
    f. ദൈവവചനം എന്ന ആത്മാവിൻെറ വാൾ
    g. പ്രാർത്ഥന

## XV. പാപം ചെയ്ത ദൂതൻമാരുടെ ഭാവി:-

മനുഷ്യനെ പാപം ചെയ്യിച്ച് ദുഷ്ടതയിലേക്കും, പാപത്തിലേക്കും നയിച്ച സാത്താനെ ആയിരമാണ്ട് വാഴ്ചയിൽ ബന്ധിച്ചിടും. പിന്നെയും ആയിരമാണ്ട് വാഴ്ചയുടെ അവസാനത്തിൽ വീണ്ടും സാത്താനെ അഴിച്ചുവിടും. ഈ സമയത്ത് ജാതികളെയും തന്നോട് ചേരുന്ന ഒരു സമൂഹത്തേയും കൂട്ടികൊണ്ട് വിശുദ്ധൻമാരോട് യുദ്ധത്തിന് പുറപ്പെടുമ്പോൾ ആകാശത്തുനിന്ന് ദൈവീക തീ ഇറങ്ങിവന്ന് അവരെ ദഹിപ്പിച്ചുകളയും (വെളി 20:7-9). ഒടുവിൽ അവരെ വിസ്താരമൊന്നും കൂടാതെ എന്നെന്നേക്കുമായി അഗ്നിപൊയ്കയിൽ തള്ളിയിടും (വെളി 20:10)

## XVI. ഉല്പത്തി 6:1-8 വരെയുള്ള ഭാഗങ്ങളിലെ ദൈവപുത്രൻമാർ ദൂതൻമാരോ? :-

ഈ ഭാഗത്ത് ദൈവത്തിന്‍റെ പുത്രൻമാർ മനുഷ്യരുടെ പുത്രിമാരെ ഭാര്യമാരായി എടുത്തുവെന്നും അവർക്ക് ജനിച്ച മക്കളാണ് പുരാതനലോകത്തെ വീരൻമാർ എന്നും കാണുന്നതിനാൽ ദൈവദൂതൻമാർ തന്നെയാണ് മനുഷ്യസ്ത്രീകളെ വിവാഹം കഴിച്ചത് എന്നൊരു ധാരണ ഉണ്ടായി. ഇയ്യോബിന്‍റെ പുസ്തകത്തിലും ദൂതൻമാരെ ദൈവപുത്രൻമാർ എന്നും വിളിച്ചിരിക്കുന്നത് ഈ ചിന്തക്ക് ശക്തിപകർന്നു (ഇയ്യോ 1:6, 2:1. 38:6). ഈ തർക്കമുള്ള വിഷയത്തിന് വേദശാസ്ത്രജ്ഞൻമാരുടെ ഇടയിൽ മൂന്നു നിഗമനങ്ങളാണ് പ്രധാനമായി ഉള്ളത്;

**i.** ദൈവപുത്രൻമാർ ദുതൻമാർ തന്നേയാണ്:- ഇയ്യോ 1:6, 2:1. 38:6; ദാനി 3:25 തുടങ്ങിയ ഭാഗങ്ങളിൽ സ്വർഗ്ഗീയ ദൂതൻമാർ എന്നർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. മാത്രമല്ല, ദൈവപുത്രൻമാരും മനുഷ്യസ്ത്രീകളും തമ്മിലിള്ള സംയോഗത്തിൽ ഉണ്ടായതായി പറഞ്ഞിരിക്കുന്ന സന്തതികളെ മല്ലൻമാർ (Giants) എന്നു വിളിച്ചിരിക്കുന്നു. ഇതിനെ എബ്രായ ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദം നെഫിലിം (Nephilim) എന്നാണ്. സാധാരണയായിട്ടുള്ള മനുഷ്യസംയോഗത്തിൽ യാതൊരു കാരണവശാലും മല്ലൻമാർ ജനിക്കത്തില്ല എന്നും ഇവർ വാദിക്കുന്നു. മാത്രമല്ല, യൂദ 6:7 വാക്യങ്ങളിൽ തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്തവാസസ്ഥലം വിട്ടുപോയ ദൂതൻമാർ സോദോമിലെയും ഗോമോറയിലെയും നിവാസികളെപ്പോലെ അന്യജഡം മോഹിച്ച് ദുർന്നടപ്പ് ആചരിച്ചു എന്നതിനാൽ ദൈവം അവരെ ചങ്ങലയിട്ട് അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു എന്നും കാണുന്നു. അപ്പോൾ തന്നെ ദൂതൻമാർ ആത്മജീവികളാണെങ്കിലും ചില വേളകളിൽ ശരീരങ്ങളിൽ പല സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെട്ടതായി മുമ്പെ ഗ്രഹിച്ചുവല്ലോ.

ഒറ്റ നോട്ടത്തിൽ ദൂതൻമാരുടെ പാപം സ്ത്രീഭോഗമായിരുന്നു എന്നു തോന്നിയാലും ദൂതൻമാർ വിവാഹം കഴിക്കുയില്ലയെന്ന സത്യം യേശുനാഥൻ രേഖപ്പെടുത്തിയിട്ടുണ്ട് “പുനരുദ്ധാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിനു കൊടുക്കപ്പെടുന്നുമില്ല; സ്വർഗ്ഗത്തിലെ ദൂതൻമാരെപ്പോലെ അത്രെ ആകുന്നു” (മത്താ 22:30; ലൂക്കോ 20:38). മാത്രമല്ല, ഉല്പ 6:2 “ഭാര്യമാരായി എടുത്തു” എന്നതിന് ഏദനിൽ ദൈവം നിയമിച്ചാക്കിയ ആജീവനാന്തം നിലനില്ക്കുന്ന ഭാര്യ, വിവാഹബന്ധത്തിന് ഉപയോഗിച്ചിരിക്കുന്ന “ലാക്കാഖിഷ” എന്ന എബ്രായ പദമാണ്

ഉപയോഗിച്ചിരിക്കുന്നത്. ഈ പദം കേവലം ശരീരബന്ധത്തെ കുറിക്കുന്ന അർത്ഥത്തിലല്ല ഉപയോഗിച്ചിരിക്കുന്നത്. ദൂതൻമാർക്ക് നിലനില്ക്കുന്ന ഒരു കുടുംബജീവിതം അസാധ്യമായതിനാൽ ദൈവപുത്രൻമാർ ദൂതൻമാർ ആണെന്ന വാദം നമുക്ക് അംഗീകരിക്കുവാൻ സാധ്യമല്ല. ആതുമാത്രവുമല്ല ദൂതൻമാർ ചെയ്തുവച്ച ഭോഷമായിരുന്നുവെങ്കിൽ, ജലപ്രളയത്താൽ മനുഷ്യനെ ദൈവം ശിക്ഷിക്കേണ്ടി വരികയുമില്ലായിരുന്നു. (ഉല്പ 6:7). നോഹയുടെ കാലഘട്ടം കഴിഞ്ഞും ഭൂമിയിൽ മല്ലൻമാർ ഉണ്ടായിരുന്നു. കനാൻദേശം ഒറ്റുനോക്കുവാൻ മോശ ഒറ്റുകാരെ കനാനിൽ അയച്ചകാലത്തും അവിടെ അനാക്കിൻെറ പുത്രൻമാരായ മല്ലൻമാർ ഉണ്ടായിരുന്നു (സംഖ്യ 13:32,33). ഗോല്യാത്ത് ഒരു മല്ലനായിരുന്നു (1 ശമു 17:4-8) മറ്റുഭാഗങ്ങൾ (ആവർത്ത 2:20,21; സംഖ്യ 13:32,33).

**ii.** ദൈവപുത്രൻമാർ ശേത്തിൻെറ പിൻ തലമുറക്കാരാണ്; ഹാബേലിന് പകരം ദൈവം ആദാമിനു നല്കിയ മകനാണ് ശേത്ത്. ശേത്തും അവൻെ സന്തതികളും ദൈവത്തെ ആരാധിക്കുന്നവരായിരുന്നു (ഉല്പ 4:25-26). അതുകൊണ്ട് ശേത്തിൻെറ മക്കളെയാണ് ദൈവപുത്രൻമാർ എന്ന് പറഞ്ഞിരിക്കുന്നത്. അപ്പോൾതന്നെ കായീനും അവൻെറ സന്തതികളും യഹോവയെ വീട്ടുപോയവരാണ് (ഉല്പ 4:16-24). ആവരുടെ മക്കളെയാണ് മനുഷ്യരുടെ പുത്രിമാർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ രണ്ടു സന്തതി പരമ്പരകൾ തമ്മിൽ ആദ്യകാലത്ത് യാതൊരു വിധമായ ബന്ധങ്ങളും ഇല്ലായിരുന്നു. എന്നാൽ നോഹയുടെ കാലം വന്നപ്പോൾ ദേശത്തിൻെറ സന്തതികളുമായി വിവാഹ ബന്ധത്തിൽ ഏർപ്പെടുകയും ചെയ്തു. അതിൽനിന്നും ജനിച്ചവരാണ് മല്ലൻമാർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ദൈവത്തിൻെറ പുത്രൻമാർ, ശേത്തിൻെറ തലമുറയിൽപ്പെട്ടവരാണെന്ന് ചിന്തിക്കുന്നതിൽ ഏറെ ന്യായങ്ങൾ ഉണ്ട്. ദൂതൻമാൻ വിവാഹം കഴിക്കത്തില്ല എന്ന യേശുവിൻെറ വാക്കുകൾക്ക് അംഗീകാരം ആണ്. സഭാപിതാക്കൻമാരായ അലക്സാട്രിയായിലെ സിറിൾ, തിയോഡോററ്റ്, അഗസ്റ്റിൻ, ജെറോം, കെയ്ൽ, ജോൺ കാൽവിൻ, മർഫി, വേൾഡ്സ്വർത്ത് തുടങ്ങിയവൽ, ശേത്തിൻെറ തലമുറക്കാരാണെന്ന വാദം അംഗീകാരിച്ചവരാണ്. മാത്രമല്ല ശേത്തിൻെറയും, കായീൻെറയും തലമുറക്കാർ തമ്മിലുള്ള വിവാഹം പ്രകൃതിവിരുദ്ധമല്ല. ജാതികളുമായി വിവാഹബന്ധത്തിൽ ദൈവജനം ഇടപെട്ടു. മറ്റ് ഉദാഹരണങ്ങൾ നമുക്ക് കാണാം (സംഖ്യ 25:1-10; ന്യായാ 3 അദ്ധ്യായം; 1 രാജാ 11,12 അദ്ധ്യായങ്ങൾ). ശേത്ത് ദൈവത്താൽ നല്കപ്പെട്ടവനാണെന്ന് ഹവ്വ വി

ശ്വസിച്ചിരുന്നു (ഉല്പ 4:25). ദൈവപുത്രൻമാർ എന്നതിന് തതുല്യമായ പദം ദൈവജനത്തെക്കുറിക്കുന്നതായി ഉപയോഗിച്ചിട്ടുണ്ട്.

**iii.** Dr. John Philip തുടങ്ങിയ ചിന്തകൻമാർ ഒരു പുതിയ വീക്ഷണവുമായി വന്നിട്ടുണ്ട്; പാപം ചെയ്തു ദൈവസന്നിധിയിൽ നിന്ന് തള്ളപ്പെട്ട ദൂതൻമാർ മനുഷ്യരിൽ പ്രവേശിച്ച് ഈ ദുഷ്പ്രവർത്തിയിലേക്ക് അവരെ നയിച്ചു എന്നാണ്. കർത്താവിനോട്, പത്രോസ്; നീ മരിക്കരുതേ എന്നു പറഞ്ഞു. ആതിനു കർത്താവ് "സാത്താനേ എന്നെ വിട്ടു പോ" എന്നാണ് പറഞ്ഞത്. പത്രോസ് സാത്താനാണെന്നല്ല പിന്നെയോ അവന്റെ പ്രവർത്തി അല്ലെങ്കിൽ വാക്ക് സാത്താന്റെതാണെന്ന് കർത്താവ് തെിയിക്കുകയായിരുന്നു. കർത്താവ് അടിസ്ഥാന വേരിനെതന്നെ പറിച്ചെറിയുകയായിരുന്നു. അപ്രകാരം വീഴ്ച സംഭവിച്ച ദൂതൻമാരാണ് അവനെ പാപത്തിലേക്ക് നയിച്ചത്.

ദൈവപുത്രൻമാർ എന്നതു ദൂതൻമാർ തന്നെയാണെന്ന് ഈ സിദ്ധാന്തം വെളിവാക്കുന്നു അങ്ങനെ അവർ മനുഷ്യകന്യകമാരിൽ നിന്നും തങ്ങൾക്ക് ബോധിച്ചവരെ തിരഞ്ഞെടുക്കുകയും ദൈവത്തിന് വിരോധമായി മത്സരിക്കുകയും ചെയ്തു. ദൂതൻമാർ വിവാഹം കഴിക്കുകയില്ല എന്ന ബൈബിൾ സിദ്ധാന്തവും ശരിയാകുന്നു (മത്താ 24:30) മാത്രമല്ല, "ബെനിഹ എലോഹീം" (ദൈവപുത്രൻമാർ) എന്ന എബ്രായ പദം 'ആത്മീയ ജീവികൾക്ക് മാത്രമാണ് വിവക്ഷിക്കുന്നത്' എന്ന എബ്രായഭാഷാ നിബന്ധനയും ഇവിടെ സാധൂകരിക്കപ്പെടുന്നു. സാത്താനെ ആരാധിക്കുന്നവർക്ക് അസാധാരണമായ ശക്തി ഉണ്ട് എന്നത് സത്യമാണ്. അവരിൽ നിന്നും ജനിച്ചവരാണ് നെഫിലിം (മല്ലൻമാർ) എന്ന വിഷയത്തെയും ഇത് സാധൂകരിക്കുന്നു. ചുരുക്കത്തിൽ, വീണുപോയ ദൂതൻമാരിലൂടെ മനുഷ്യരെല്ലാം ശിക്ഷാവിധിയിലേക്ക് നയിക്കപ്പെട്ടു എന്ന് കാണാം (ഉല്പ 6:7).

**************************************

Computer Works & Graphics By:

Br. Binu T. Koshy
Mundiappally



Pr. Saji Zachariah BA, BD
*Pandalam*

Pr. Saji Zachariah BA, BD
*Pandalam*